കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കൊടകര ഗ്രാമപഞ്ചായത്തിന്റെ 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ 3 പ്രോജക്ടുകൾക്ക് അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ(സാധാ)നം.3730/2017/തസ്വഭവ തിരുവനന്തപുരം, തീയതി, 21.11.2017

വായന :- 1. കൊടകര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 21.08.17 ലെ A3/6639/2017ാം നമ്പർ കത്ത്

2.വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 13/09/2017-ലെ 4.1 നമ്പർ തീരുമാനം

**ഉത്തരവ്**

കൊടകര ഗ്രാമപഞ്ചായത്തിന്റെ 2017-18 വാർഷിക പദ്ധതിയിൽ താഴെ പറയുന്ന പ്രോജക്ടുകൾ ഉൾപ്പെടുത്തിയിരുന്നുവെങ്കിലും ഡി.പി.സി.അംഗീകാരം ലഭിച്ചില്ലെന്നും ആയതിനാൽ പ്രത്യേകാനുമതി നൽകണമെന്നും മുകളിൽ ഒന്നാമതായി വായിച്ച കത്ത് പ്രകാരം കൊടകര ഗ്രാമപഞ്ചായത്ത് സെക്രട്ടറി അഭ്യർത്ഥിച്ചിരുന്നു.

| ക്രമനം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ(തനത് ഫണ്ട്) |
|---|---|---|---|
| 1 | 136/18 | കൊടകര ഗവ.എൽ.പി.സ്കൂൾ ബസിന് ഇന്ധനം | 1,20,000 |
| 2 | 284/18 | 3 എയ്ഡഡ് പ്രൈമറി സ്കൂളുകൾക്ക് ലാപ് ടോപ് വാങ്ങി നൽകൽ | 2,70,000 |
| 3 | 148/18 | പഞ്ചായത്തിലെ അഫിലിയേഷൻ ചെയ്ത ഗ്രന്ഥശാലകളിൽ പത്രങ്ങളും ആനുകാലികങ്ങളും ലഭ്യമാക്കൽ | 25,000 |

2)വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ മുകളിൽ രണ്ടാമതായി വായിച്ച യോഗം ഈ വിഷയം വിശദമായി പരിശോധിച്ചു. പ്രസ്തുത യോഗത്തിന്റെ 4.1 തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ടി പ്രോജക്ടുകൾക്ക് താഴെ പറയും പ്രകാരം അനുമതി നൽകി ഉത്തരവാകുന്നു.

| ക്രമനം | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ (തനത് ഫണ്ട്) | തീരുമാനം |
|---|---|---|---|---|
| 1 | 136/18 | കൊടകര ഗവ.എൽ.പി.സ്കൂൾ ബസിന് ഇന്ധനം | 1,20,000 | ഇന്ധന ചെലവിന്റെ പകുതി മാത്രം നൽകാൻ പ്രത്യേക അനുമതി നൽകുന്നു. 50 ശതമാനം മാത്രമാണ് നൽകുന്നതെന്ന് സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്. |
| 2 | 264/18 | 3 എയ്ഡഡ് പ്രൈമറി സ്കൂളുകൾക്ക് ലാപ് ടോപ് വാങ്ങി നൽകൽ | 2,70,000 | പ്രത്യേക അനുമതി നൽകുന്നു. |
| 3 | 148/18 | പഞ്ചായത്തിലെ അഫിലിയേഷൻ ചെയ്ത ഗ്രന്ഥശാലകളിൽ പത്രങ്ങളും ആനുകാലികങ്ങളും ലഭ്യമാക്കൽ | 25,000 | പ്രത്യേക അനുമതി നൽകുന്നു. |

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
എൻ. വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ജില്ലാ കളക്ടർ, തൃശ്ശൂർ
ജില്ലാ പ്ലാനിംഗ് ഓഫീസർ, തൃശ്ശൂർ
സെക്രട്ടറി, കൊടകര ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ
സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം.
ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ
പകർപ്പ്:-തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്

അംഗീകാരത്തോടെ,
സെക്ഷൻ ഓഫീസർ